*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

153rd Issue - Volume 4, No. 34 ജാഗ്രത 1st October 2010

"Nothing is sweeter than to think well of others."

(St Therese of Lisieux)



ST THERESE OF LISIEUX

## പ്രധാന വാർത്തകൾ

വിദ്യാഭ്യാസ രംഗത്ത് പ്രത്യയ ശാസ്ത്രകൈയേറ്റം:
മാർ ജോസഫ് പവ്വത്തിൽ

---

ഭരണപരാജയം മറയ്ക്കാൻ സഭയ്ക്കു നേരേ വാളോങ്ങേണ്ട: അല്മായ കമ്മീഷൻ

---

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അനിശ്ചിതാവസ്ഥയ്ക്കു കാരണം സർക്കാരിന്റെ വികലനയങ്ങൾ:
ഇന്റർ ചർച്ച് കൗൺസിൽ

---

രാജ്യത്തിന്റെ ഐക്യവും നന്മയും തകർക്കുന്ന നേട്ടങ്ങൾ സഭയ്ക്കുവേണ്ട:
മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

---

യുവജനങ്ങളെ ആത്മീയ നേതൃത്വത്തിലേക്കു നയിക്കാൻ വൈദികരും സന്യസ്തരും മുന്നിട്ടിറങ്ങണം:
മാർ തോമസ് ചക്യത്ത്

---

മദ്യം സകല തിന്മകളുടെയും ഉറവിടം:
ജോഷ്വാ മാർ ഇഗ്നാത്തിയോസ്

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

### വിദ്യാഭ്യാസ രംഗത്ത് പ്രത്യയ ശാസ്ത്രകൈയേറ്റം: മാർ ജോസഫ് പവ്വത്തിൽ

---



വർഗസമരത്തിന്റെയും വർഗീയതയുടേതുമായ പ്രത്യയശാസ്ത്രങ്ങളുടെ കൈയേറ്റങ്ങൾക്കു വിധേയമാണു വിദ്യാഭ്യാസ രംഗമെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കേരളത്തിലെ കത്തോലിക്കാ രൂപതകളിൽ യുവജന പ്രേഷിത രംഗത്തു പ്രവർത്തിക്കുന്നവർക്കായി കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. പ്രത്യയശാസ്ത്രങ്ങളുടെ കൈയേറ്റങ്ങൾ തിരിച്ചറിഞ്ഞു പ്രതിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ വിദ്യാഭ്യാസ രംഗവും ജനാധിപത്യ സംസ്കാരവും തകരും. ജനാധിപത്യത്തിനും ഭരണഘടനാപരമായ നിലപാടുകൾക്കും വേണ്ടിയുള്ള ഇടപെടലുകളെ, കക്ഷിരാഷ്ട്രീയത്തിലുള്ള ഇടപെടലുകളായി ചിത്രീകരിച്ചു മതനേതാക്കൾ രാഷ്ട്രീയത്തിലിടപെടുന്നു എന്നാരോപിക്കുന്നവരുടെ സർവാധിപത്യ ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ കഴിയണം. വിദ്യാഭ്യാസരംഗം സർക്കാർ കുത്തകയാക്കുന്നത് അഭിലഷണീയമല്ല. കുട്ടികൾക്കും മാതാപിതാക്കൾക്കും മതത്തിനും വിദ്യാഭ്യാസരംഗത്തു തങ്ങളുടേതായ പങ്കു വഹിക്കാനുണ്ട്. അക്കാര്യം വിസ്മരിച്ചുകൊണ്ടുള്ള സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾ അപകടകരമാണെന്നും അദ്ദേഹം പറഞ്ഞു. കെസിവൈഎം പ്രസിഡന്റ് ദീപക് ചേർക്കോട്, ജോൺസൺ ശൂരനാട്, അനിതാ ആൻഡ്രൂ, ടിറ്റു തോമസ്, ലിജോ പയ്യപ്പിള്ളി, ഫാ. ജെയ്സൺ കൊള്ളന്നൂർ എന്നിവർ പ്രസംഗിച്ചു.

### ഭരണപരാജയം മറയ്ക്കാൻ സഭയ്ക്കു നേരേ വാളോങ്ങേണ്ട: അല്മായ കമ്മീഷൻ

---

ക്രൈസ്തവസഭാ പ്രവർത്തനങ്ങളിൽ അനാവശ്യ ഇടപെടലുകൾ നടത്താനുള്ള നിരീശ്വര പ്രസ്ഥാനങ്ങളുടെയും സഭാവിരുദ്ധരുടെയും കുത്സിതശ്രമങ്ങൾ വിലപ്പോവില്ലെന്നു സീറോ മലബാർ സഭ അല്മായ കമ്മീഷൻ. ക്രൈസ്തവ സഭയെ ആക്ഷേപിച്ചും സഭാധ്യക്ഷന്മാരെയും വിശ്വാസി സമൂഹത്തെയും അവഹേളിച്ചും രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാമെന്ന് ആരും സ്വപ്നം കാണേണ്ട. മദ്യദുരന്തത്തിൽ സാധാരണക്കാർ മരിച്ചുവീണപ്പോഴും ലോട്ടറി തട്ടിപ്പിലൂടെ കോടികളുടെ അഴിമതിയിൽ മുങ്ങിക്കുളിച്ചപ്പോഴും വിലക്കയറ്റവും കൊലപാതകവും ജനജീവിതം ദുരിതമാക്കുമ്പോഴും മാളങ്ങളിലൊളിക്കുന്നവർ ഉത്തരവാദിത്വങ്ങളിൽനിന്ന് ഒളിച്ചോടാൻ സഭയ്ക്കെതിരേ നടത്തുന്ന ജല്പനങ്ങൾ പൊതുസമൂഹം പുച്ഛിച്ചുതള്ളുമെന്ന് അല്മായകമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. തീവ്രവാദ, നിരീശ്വര പ്രസ്ഥാനങ്ങൾക്കും മനുഷ്യജീവനു വിലകൽപ്പിക്കാത്ത മരണ സംസ്കാരത്തിന്റെ വക്താക്കൾക്കുമെതിരേയുള്ള സഭാ നിലപാട് എക്കാലത്തും ഉറച്ചതും പ്രഖ്യാപിതവുമാണ്. ഭരണത്തിലേറാൻ അവസരവാദ കൂട്ടുകെട്ടുകളുണ്ടാക്കുകയും നാട്ടിൽ ഭീകരവാദികളെയും തീവ്രവാദ പ്രസ്ഥാനങ്ങളെയും വളർത്തിയെടുക്കുകയും ചെയ്യുന്നവർക്കു മതമൈത്രിയും രാജ്യത്തിന്റെ നന്മയും ഐക്യവും കാത്തുസൂക്ഷിക്കുന്ന ആഗോള സാന്നിധ്യമായ ക്രൈസ്തവ സഭയ്ക്കുനേരേ വിരൽ ചൂണ്ടാൻ അർഹതയില്ലെന്നു കമ്മീഷൻ സെക്രട്ടറി ഓർമിപ്പിച്ചു.

### മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അനിശ്ചിതാവസ്ഥയ്ക്കു കാരണം സർക്കാരിന്റെ വികലനയങ്ങൾ: ഇന്റർ ചർച്ച് കൗൺസിൽ

---

സർക്കാരിന്റെ വികലനയങ്ങളും നിലപാടുകളുമാണ് മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ അനിശ്ചിതാവസ്ഥയ്ക്കു കാരണമെന്നതിന്റെ വ്യക്തമായ തെളിവാണ് 2007-ലെ പ്രവേശനത്തിൽ മിക്ക കോളജുകളിലും കടന്നുവന്ന സാങ്കേതിക പ്രശ്നങ്ങളെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചൂണ്ടിക്കാട്ടി. ഈ വർഷവും സർക്കാരുമായി കരാർ ഉണ്ടാക്കിയ കോളജുകളിൽ പ്രവേശനംപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രതിസന്ധി മനസിലാക്കിയാണ് 2008 മുതൽ സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയിൽനിന്നും യോഗ്യതാപരീക്ഷയിൽനിന്നും മെരിറ്റനുസരിച്ചു മാത്രം വിദ്യാർഥികളെ പ്രവേശിപ്പിക്കുന്ന ശക്തവും യുക്തിഭദ്രവും സുതാര്യവുമായ നിലപാടു സ്വീകരിച്ചത്. എല്ലാ വിദ്യാർഥികൾക്കും ഒരേ ന്യായമായ ഫീസ് ഏർപ്പെടുത്തി പാവപ്പെട്ട യോഗ്യരായ വിദ്യാർഥികൾക്കു സ്കോളർഷിപ്പ് നൽകി പഠിപ്പിക്കുന്ന മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തിയിട്ടുള്ള നിലപാടാണ് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റേത്. അതുകൊണ്ടുതന്നെ സമയത്തിനുതന്നെ പ്രവേശനം പൂർത്തിയാക്കി ക്ലാസുകൾ നേരത്തേതന്നെ ആരംഭി

ക്കാൻ കഴിയുന്നു. ജസ്റ്റിസ് മുഹമ്മദ് കമ്മീഷന്റെ മേൽനോട്ടത്തിലും നേതൃത്വത്തിലുമാണ് 2007-ലെ പ്രവേശന പരീക്ഷ നടത്തിയതും മെരിറ്റ് ലിസ്റ്റ് തയാറാക്കിയതുമെല്ലാം. 2007 വരെ മെഡിക്കൽ കൗൺസിലും മാനദണ്ഡങ്ങളിൽ അയവു പുലർത്തിയിരുന്നുവെന്നത് ഓർക്കേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്കും യോഗ്യതാ പരീക്ഷയ്ക്കുംകൂടി 50 ശതമാനം മാർക്കിനു മുകളിൽ കിട്ടിയവരെ മാത്രമേ 2007-ൽ പ്രവേശിപ്പിച്ചിട്ടുള്ളു. വികലമായ വിദ്യാഭ്യാസ നയത്തിൽനിന്നും വിദ്യാഭ്യാസ വകുപ്പ് പിൻവാങ്ങിയാൽ മാത്രമേ ഇവിടെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹൃതമാകൂ. ഈ പ്രശ്നങ്ങൾ ഇപ്പോൾപോലും പരിഹരിക്കാൻ പരിശ്രമിക്കാതെ ഇരുട്ടിൽ തപ്പുന്ന അവസ്ഥയിലാണ് സർക്കാരെന്നതു ഖേദകരമാണ്. കോടതിവിധി വരുമ്പോൾ കോളജുകളെ അധിക്ഷേപിക്കാൻ രംഗത്തുവരികയും അതേ വികലനയം തന്നെ തുടരുകയും ചെയ്യുന്ന വിദ്യാഭ്യാസവകുപ്പിന്റെ നിലപാട് വിചിത്രമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ വക്താവ് ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ ചൂണ്ടിക്കാട്ടി.

## രാജ്യത്തിന്റെ ഐക്യവും നന്മയും തകർക്കുന്ന നേട്ടങ്ങൾ സഭയ്ക്കുവേണ്ട: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

---



രാജ്യത്തിന്റെ ഐക്യവും നന്മയും തകർക്കുന്ന നേട്ടങ്ങൾ സഭയ്ക്കു വേണ്ടെന്ന് മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. സ്വർഥതകൊണ്ട് ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തിന്റെയും സൗഹാർദത്തിന്റെയും ഐക്യബോധത്തിന്റെയും കണ്ണികൾ പൊട്ടിക്കാൻ ശ്രമിക്കുന്നവരിൽനിന്ന് മനസുകൊണ്ടും ശരീരംകൊണ്ടും സഭാംഗങ്ങൾ അകന്നു നിൽക്കണമെന്ന് കാതോലിക്കാ ബാവ നിർദേശിച്ചു. മലങ്കര കത്തോലിക്കാസഭയ്ക്ക് അമേരിക്കയിൽ അനുവദിച്ച എക്സാർക്കേറ്റിന്റെ ബിഷപ്പായി നിയോഗിക്കപ്പെട്ട തോമസ് മാർ യൗസേബിയോസിന്റെ മെത്രാഭിഷേക ശുശ്രൂഷയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

മലങ്കര കത്തോലിക്കാസഭയുടെയും ഭാരത സംസ്കാരത്തിന്റെയും നന്മയും പാരമ്പര്യവും അമേരിക്കൻ സമൂഹത്തിനു കൈമാറാനുള്ള അവസരമാണ് പുതിയ എക്സാർക്കേറ്റിന്റെ സ്ഥാപനമെന്ന് സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന അമേരിക്കൻ കത്തോലിക്കാ ബിഷപ്സ് കോൺഫറൻസ് സെക്രട്ടറി ജനറൽ ആർച്ച് ബിഷപ് ഡോ. ജോർജ് വി. മുറെ പറഞ്ഞു. അമേരിക്കയിൽ പ്രൊട്ടസ്റ്റന്റുകാരാണ് സുവിശേഷ പ്രവർത്തനങ്ങൾ ആദ്യം തുടങ്ങിയതെങ്കിലും 22 ശതമാനം കത്തോലിക്കർ അവിടെയുണ്ട്. 680 ലക്ഷം ആളുകൾ കത്തോലിക്കാ വിശ്വാസികളാണെന്നും ഡോ.മുറെ പറഞ്ഞു. പൈതൃകത്തെയും പാരമ്പര്യത്തെയും മുറുകെ പ്പിടിച്ചുകൊണ്ടുവേണം സാക്ഷ്യം വഹിക്കാൻ തയാറാകേണ്ടതെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത മാർത്തോമാ സുറിയാനി സഭാ തലവൻ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത പറഞ്ഞു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മുഖ്യസന്ദേശം നൽകി. പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി ആശംസ നേർന്നു. ഇന്ത്യയിലെ വത്തിക്കാൻ നുൺഷ്യോ ആർച്ച് ബിഷപ് സാൽവദോർ പിനാച്ചിയോയുടെ സന്ദേശം അദ്ദേഹത്തിന്റെ പ്രതിനിധി മോൺ. അൽമാഡോ സമ്മേളനത്തിൽ വായിച്ചു. കൂരിയ മെത്രാൻ തോമസ് മാർ അന്തോണിയോസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ബഥനി സുപ്പീരിയർ ജനറൽ ഫാ.മരിയദാസ്, മദർ റോസിലിൻ, എംസിഎ പ്രസിഡന്റ് പി.പോൾ രാജ്, എംസിവൈഎം പ്രസിഡന്റ് എജി പാറപ്പാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോൺ മത്തായി എന്നിവർ ആശംസകളർപ്പിച്ചു. എപ്പിസ്കോപ്പൽ സൂനഹദോസ് സെക്രട്ടറിയും തിരുവല്ലാ ആർച്ച് ബിഷപ്പുമായ തോമസ് മാർ കൂറിലോസ് സ്വാഗതവും നവാഭിഷിക്തനായ ബിഷപ് തോമസ് മാർ യൗസേബിയോസ് നന്ദിയും പറഞ്ഞു. ചങ്ങനാശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, മലങ്കര കത്തോലിക്കാസഭയിലെ ബിഷപ്പുമാർ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു. മന്ത്രി വി. സുരേന്ദ്രൻപിള്ള നിയുക്ത ബിഷപ്പിന് ആശംസ നേരാനെത്തിയിരുന്നു. കെപിസിസി പ്രസിഡന്റ് രമേശ് ചെന്നിത്തല, കെ.എം. മാണി, ഡിജിപി ജേക്കബ് പുന്നൂസ്, കെപിസിസി സെക്രട്ടറി ജോൺസൺ എബ്രഹാം തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. വിവിധ രംഗങ്ങളിൽ മികവ് പുലർത്തിയവർക്കുള്ള മലങ്കര കത്തോലിക്കാ സഭയുടെ പുരസ്കാരം ചടങ്ങിൽ വിതരണം ചെയ്തു. റവ.ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ, റവ.ഡോ.ഗിവർഗീസ് ചേടിയത്ത്, ടോബി സൈമൺ, സിസ്റ്റർ ലീന, എൻ. മായ എന്നിവരെയാണ് ചടങ്ങിൽ ആദരിച്ചത്.

## യുവജനങ്ങളെ ആത്മീയ നേതൃത്വത്തിലേക്കു നയിക്കാൻ വൈദികരും സന്യസ്തരും മുന്നിട്ടിറങ്ങണം: ബിഷപ് മാർ തോമസ് ചക്യത്ത്

---



യുവജനസമൂഹം അരാജകത്വത്തിലേക്കു വഴുതിവീഴുന്ന ഈ ചരിത്രഘട്ടത്തിൽ അവരെ ആത്മീയ നേതൃത്വത്തിലേക്കു നയിക്കുവാൻ വൈദികരും സന്യസ്തരും മുന്നിട്ടിറങ്ങണമെന്ന് എറണാകുളം -അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് നിർദേശിച്ചു. കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച കേരളത്തിലെ 30 രൂപതകളിൽ നിന്നുള്ള യൂത്ത് ആനിമേറ്റേഴ്സ് ഡയറക്ടേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം, ആത്മ 2010, ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നല്ല യുവജനങ്ങൾ സ്വപ്നം കാണുന്ന ആത്മീയശ്രേഷ്ഠന്മാരെയാണു സമൂഹത്തിന് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രഥമ ബാലസാഹിത്യ പുരസ്കാരത്തിന് അർഹനായ സിപ്പി പള്ളിപ്പുറത്തിനെ ചടങ്ങിൽ അനുമോദിച്ചു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ദീപക് ചേർക്കോട്ട്, കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ, ജനറൽ സെക്രട്ടറി ജോൺസൺ ശൂരനാട്, ട്രഷറർ റിറ്റു തോമസ് തിരുവല്ല, വൈസ് പ്രസിഡന്റ് അനിത ആൻഡ്രൂസ്, സെക്രട്ടറി ലിജോ പയ്യപ്പിള്ളി, സിസ്റ്റർ ആൻസി ആന്റണി എന്നിവർ പ്രസംഗിച്ചു.

## മദ്യം സകല തിന്മകളുടെയും ഉറവിടം: ജോഷ്വാ മാർ ഇഗ്നാത്തിയോസ്

---



മദ്യമാണ് സകല തിന്മകളുടെയും ഉറവിടമെന്നും മദ്യനിരോധനത്തിനു ഭരണ-പ്രതിപക്ഷകക്ഷികൾ മുന്നോട്ടുവരില്ലെന്നും കെസിബിസി പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു. മദ്യദുരന്ത നയങ്ങൾക്കെതിരേ കെസിബിസി മദ്യവിരുദ്ധസമിതി, മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന കമ്മിറ്റികളുടെ നേതൃത്വത്തിൽ പാലായിൽ നടത്തിയ ജനസഹസ്ര സത്യഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. മനുഷ്യസമൂഹത്തിന്റെ സമഗ്ര വിമോചനവും വികസനവുമാകണം ലക്ഷ്യം. പ്രതിസന്ധികളെ അഭിമുഖീകരിക്കുക നമ്മുടെ കടമയാണ്. ദൈവത്തെ മുൻനിർത്തി ജീവിക്കണം. ജീവനു നിലയും വിലയും കൊടുക്കാത്ത ഭരണമാണു നടക്കുന്നത് - ബിഷപ് പറഞ്ഞു. മനുഷ്യത്വത്തിനും വ്യക്തിത്വത്തിനും വില കൽപ്പിച്ച് മനുഷ്യനു സുരക്ഷിതത്വം നൽകാൻ അധികാരികൾ തയാറാകണമെന്നും മനുഷ്യമഹത്വത്തിന് വില കൽപ്പിക്കുന്നവർ മാത്രം നമ്മെ ഭരിച്ചാൽ മതിയെന്നും അധ്യക്ഷ പ്രസംഗത്തിൽ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ പറഞ്ഞു. മദ്യവിരുദ്ധ പ്രവർത്തനത്തിൽ ഇനി ധർണയും സമരവും റാലിയുമില്ലെന്നും വ്യക്തമായ നയത്തിനായുള്ള കർമപദ്ധതിയാണുള്ളതെന്നും എക്സൈസ് മന്ത്രി നിസഹായവസ്ഥയിലാണെന്നും ബിഷപ് കൂട്ടിച്ചേർത്തു.മദ്യംവഴി ദൈവഗ്രഹണവും ജീവഗ്രഹണവുമാണ് സംഭവിക്കുന്നതെന്നും ഇതു നിർഭാഗ്യകരമാണെന്നും മുഖ്യപ്രഭാഷണത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. മദ്യത്തിന് അടിമപ്പെട്ടുപോയ ദാസ്യഭരണമാണു നടക്കുന്നതെന്നും സാത്താനില്ലാത്ത പറുദീസ വേണമെന്നും ബിഷപ് ഓർമിപ്പിച്ചു. പ്രകാശത്തിന്റെ ശക്തിക്കു മാത്രമേ അന്ധകാരത്തിന്റെ ശക്തികളെ നേരിടാനാവൂ എന്ന യാഥാർഥ്യബോധം മദ്യവിരുദ്ധ പ്രവർത്തനമേഖലയിൽ നഷ്ടപ്പെടരുതെന്നും മദ്യം ശക്തിയും പണവും അധികാരവുമാണെന്ന സംസ്കാരം മാറ്റാൻ കരുത്തുണ്ടാകണമെന്നും അനുഗ്രഹപ്രഭാഷണത്തിൽ ദീപിക ചീഫ് എഡിറ്റർ ഫാ. അലക്സാണ്ടർ സിഎംഐ പറഞ്ഞു. മദ്യവിരുദ്ധസമരത്തിൽ മനസിന്റെ കരുത്താണു പ്രധാനമെന്നും അദ്ദേഹം പറഞ്ഞു.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA



*********